I/41079/2023

ഭരണഭാഷ-മാതൃഭാഷ

## സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: ശ്രീകുമാർ ബി)

വികാസ്ഭവൻ, തിരുവനന്തപുരം

വിഷയം: ഡിഇഎസ് – പ്ലാനിംഗ് - പദ്ധതി പുരോഗതി അവലോകനങ്ങൾ സുഗമമാക്കുന്നതിനായി വകുപ്പുതല പ്ലാൻ റിവ്യൂ കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

പരാമർശം:

1. **19.06.2023** ലെ ടെക്നിക്കൽ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.
2. ഭരണാനുമതി പ്രൊപ്പോസൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് **20.06.2023** നു ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ് നമ്പർ ഡിഇഎസ്-പിഎൽ-1 , തീയതി: 06-07-2023</u>**

വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനങ്ങൾ സുഗമമാക്കുന്നതിനുമായി ഡയറക്ടർ ചെയർമാനായും, ജോയിന്റ് ഡയറക്ടർ (പി.പി.സി) കൺവീനറായും ഉള്ള "ഡിപ്പാർട്ടുമെന്റൽ പ്ലാൻ റിവ്യു കമ്മിറ്റി" **(DPRC)** രൂപീകരിക്കുന്നതിന് മേൽ പരാമർശം **1, 2** പ്രകാരം തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ മാസവും 7ാം തീയതി ഡിപ്പാർട്ടുമെന്റൽ പ്ലാൻ റിവ്യു കമ്മിറ്റി ചേരുന്നതിനും ഡയറക്ടറുടെ അഭാവത്തിൽ ഡയറക്ടറേറ്റിലെ ഏറ്റവും മുതിർന്ന ഓഫീസർ നിശ്ചിത തീയതിയിൽ യോഗം വിളിച്ചു ചേർക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥർക്ക് ഓരോ ശീർഷകത്തിന്റെയും ചുമതല നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു

| ക്രമ നം | പദ്ധതിയുടെ പേര് | ശീർഷകം | ചുമതല നൽകുന്ന ഉദ്യോഗസ്ഥൻ **(Responsible Officer)** |
|---|---|---|---|
| **1.** | സാമ്പത്തിക സ്ഥിതി വിവരകണക്കു വകുപ്പിന്റെ | **3454-02-203-98 (P)** | ഡെപ്യൂട്ടി ഡയറക്ടർ (കമ്പ്യൂട്ടർ) |

| | | | |
|---|---|---|---|
| | ആധുനിക വൽക്കരണം | | |
| **2.** | ജില്ലകളിലെ കമ്പ്യൂട്ടർ വിഭാഗം ശക്തിപ്പെടുത്തൽ | **3454-02-203-95 (P)** | ഡെപ്യൂട്ടി ഡയറക്ടർ (കമ്പ്യൂട്ടർ) |
| **3.** | ഇൻസർവ്വീസ് പരിശീലനം | **3454-02-203-96 (P)** | ജോയിന്റ് ഡയറക്ടർ (പിപിസി) |
| **4.** | സർവേയും പഠനങ്ങളും | **3454-02-112-96 (P)** | ജോയിന്റ് ഡയറക്ടർ (സർവേ & ഡിസൈൻ) |
| **5.** | ഭാരതീയ സ്ഥിതി വിവരകണക്ക് ശക്തിപ്പെടുത്തൽ | **3454-02-112-89 (P)** | അസിസ്റ്റന്റ് ഡയറക്ടർ (വി.എസ്) |
| **6.** | കേരള സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ | **3454-02-112-88 (P)** | സെക്രട്ടറി, കേരള സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ |
| **7.** | ജനനമരണ സ്ഥിതി വിവരകണക്ക് ശക്തിപ്പെടുത്തൽ | **3454-02-111-86 (P)** | നോസോളജിസ്റ്റ് |
| **8** | വാഹനം വാങ്ങൽ | **3454-02-203-97 (P)** | സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (ബജറ്റ്) |
| **9** | ഇഎആർഎഎസ് | **3454-02-111-89** | ജോയിന്റ് ഡയറക്ടർ, ഇഎആർഎഎസ് |
| **10** | കാർഷിക സെൻസസ് | **2401-00-111-99** | ജോയിന്റ് ഡയറക്ടർ, കാർഷിക സെൻസസ് |
| **11** | ചെറുകിട ജലസേചന പദ്ധതികളെ സംബന്ധിച്ച സ്ഥിതി വിവരശേഖരണം | **3454-02-112-87** | ജോയിന്റ് ഡയറക്ടർ **RMIS**, സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (അക്കൌണ്ട്സ്), സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (ബജറ്റ്) |

I/41079/2023

മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർ എല്ലാമാസവും 7ാം തീയതി നടത്തുന്ന "ഡിപ്പാർട്ടുമെന്റൽ പ്ലാൻ റിവ്യു കമ്മിറ്റി" യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് ഡയറക്ടറുടെ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ മീറ്റിംഗിൽ നിന്നും വിട്ടു നിൽക്കാൻ പാടുള്ളതല്ല.

Signed by
Sreekumar B
Date: 06-07-2023 17:58:22

**SREEKUMAR B**

**DIRECTOR(FULL ADDITIONAL CHARGE) DES**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

I/41492/2023

**<u>ഭരണഭാഷ - മാതൃഭാഷ</u>**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ: ശ്രീകുമാർ.ബി)

വികാസ്ഭവൻ, തിരുവനന്തപുരം

വിഷയം: ഡി.ഇ.എസ് – പ്ലാനിംഗ്- പദ്ധതി അവലോകനം സുഗമമാക്കുന്നതിനായി വകുപ്പുതല പദ്ധതിപുരോഗതി അവലോകന സമിതി (DPRC) രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം: (1) ഈ ഓഫീസിലെ 06/07/2023 ലെ ഇതേ നമ്പർ ഉത്തരവ്.

(2) 07.07.2023 ലെ വകുപ്പുതല പദ്ധതിപുരോഗതി അവലോകന സമിതി യോഗത്തിന്റെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ് നമ്പർ. ഡിഇഎസ്/3082/2023- PL1 തീയതി. 19-07-2023</u>**

വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം സുഗമമാക്കുന്നതിനായി ഡയറക്ടർ ചെയർമാനും ജോയിന്റ് ഡയറക്ടർ (പിപിസി) കൺവീനറായുമുള്ള വകുപ്പുതല പദ്ധതിപുരോഗതി അവലോകന സമിതി രൂപികരിച്ചുകൊണ്ടുള്ള മേൽ പരാമർശ പ്രകാരമുള്ള ഉത്തരവ് ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവു പുറപ്പെടുവിക്കുന്നു.

- വകുപ്പുതല പദ്ധതിപുരോഗതി അവലോകന സമിതിയിൽ ഡയറക്ടറേറ്റിലെ എല്ലാ അഡീഷണൽ ഡയറക്ടർമാരും സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസറും എല്ലാ ജോയിന്റ് ഡയറക്ടർമാരും അംഗങ്ങളായിരിക്കും.
- പരാമർശിത ഉത്തരവിലെ ചുമതല നൽകപ്പെട്ട ഉദ്യോഗസ്ഥരുടെ പട്ടികയിൽ ക്രമ നം. 5 "ഭാരതീയ സ്ഥിതി വിവരകണക്ക് ശക്തിപ്പെടുത്തൽ" എന്ന ശീർഷകത്തിന്റെ ചുമതല അസിസ്റ്റന്റ് ഡയറക്ടർ (വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ്) ൽ നിന്നും ജോയിന്റ് ഡയറക്ടർ (പിപിസി) യിലേക്ക് മാറ്റിയിരിക്കുന്നു.
- പരാമർശിത ഉത്തരവിലെ ചുമതല നൽകപ്പെട്ട ഉദ്യോഗസ്ഥരുടെ പട്ടികയിൽ ക്രമ നം. 8 "വാഹനം വാങ്ങൽ" എന്ന ശീർഷകത്തിൽ സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ (ബജറ്റ്) നോടൊപ്പം സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസറെ കൂടി ഉൾപ്പെടുത്തുന്നു.
- പദ്ധതി പുരോഗതി അവലോകനത്തിനു ശേഷം പദ്ധതിയേതര ശീർഷകങ്ങളിലെ ചെലവ് സംബന്ധിച്ച പുരോഗതിയും ഡി.പി.ആർ.സി. അവലോകനം ചെയ്യുന്നതാണ്.

പരാമർശം (1) ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതിയോടുകൂടി നില നിൽക്കുന്നതായിരിക്കും.

I/41492/2023

Signed by
Sreekumar B
Date: 19-07-2023 10:04:38

DIRECTOR(FULL ADDITIONAL CHARGE) DES

എല്ലാ ഡി.പി.ആർ.സി. അംഗങ്ങൾക്കും